**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള സ്രോതസുകൾ അണുവിമുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേരള ജല അതോറിറ്റിയുടെ കീഴിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എസ്. ആർ. ഐ. (സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 15 (എസ് ആർ ഐ + 14 ജില്ലാ ലാബുകൾ) ലാബുകൾക്ക് എൻ. എ. ബി. എൽ (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനും 70 ഉപജില്ലാ ലാബുകൾക്ക് എൻ. എ. ബി. എൽ റെക്കഗ്നിഷനും ലഭിച്ചിട്ടുള്ളതാണ്. നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റു വിഭാഗങ്ങളിലായി 28 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോ ബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിൽ നിന്ന് എല്ലാ മാസവും ഓരോ ഉപജില്ലാ ലാബും 250 ജല സാമ്പിളുകൾ വീതം ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്. ഇതിൽ നിന്നും തിരഞ്ഞെടുക്കുന്ന സാംപിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാംപിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന എസ്. ആർ. ഐ (സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബിൽ പരിശോധിച്ചു ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>ജലശുദ്ധീകരണശാലകളുള്ള കുടിവെള്ളപദ്ധതി കൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽ തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു |

| | | | |
|---|---|---|---|
| | | | പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്.<br><br>പ്ലാന്റുകൾ, പമ്പിംഗ് സ്റ്റേഷനുകൾ, വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാംപിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോ എന്നു ഉറപ്പാക്കി, പരിശോധനാഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്യുകയും ചെയ്യുന്നു.<br><br>ഭൂജലവകുപ്പിന്റെ കീഴിൽ കുടിവെള്ളത്തിനായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) നിർവചിച്ചിരിക്കുന്ന IS 10500:2012 മാനദണ്ഡങ്ങൾ പ്രകാരമുള്ള ജലഗുണനിലവാര പരിശോധനകൾ ടി വകുപ്പിന്റെ 3 റീജിയണൽ ലബോറട്ടറികൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) മുഖേന സംസ്ഥാനത്ത് നടത്തി വരുന്നു. ഇതിൽ Turbidity, pH, Specific conductance, Total dissolved solids, Total hardness, Calcium, Magnesium, Sodium, Potassium, Total alkalinity, Carbonate, Bicarbonate, Chloride, Sulphate, Nitrate, Iron, Total coliform, Faecal coliform എന്നീ പരാമീറ്ററുകൾ ഉൾപ്പെടുന്നു. |
| (ബി) | കുളങ്ങളും കിണറുകളും ഉൾപ്പെടെയുള്ള ജലസ്രോതസുകളിൽ നിന്ന് അമീബിക് മസ്തിഷ്കജ്വരം പിടിപെടുന്നുവെന്ന് സ്ഥിരീകരിച്ചതിനാൽ കുടിവെള്ള സ്രോതസുകൾ അണുവിമുക്തമാക്കാൻ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ? | (ബി) | അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കുന്ന തിനായി സർക്കാർ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചിട്ടുള്ള സമഗ്രമായ പ്രവർത്തനം നടത്തിവരുന്നു. ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തിനും മൈക്രോപ്ലാൻ ഉണ്ടാക്കുകയും തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ജലവിഭവവകുപ്പും ചേർന്ന് വിവിധ പ്രതിരോധ പ്രവർത്തനങ്ങളും മാലിന്യനിർമ്മാജ്ജനവും ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിനായി കേരള ജല അതോറിറ്റിയുടെ കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന തിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരുന്നു. കുടിവെള്ള ഗുണ നിലവാര |

പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു.

സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് നെട്ടൂർ ഓഫീസിനു കീഴിൽ എൻ.എ.ബി. എൽ നിലവാരത്തിലുള്ള 1 സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും കേരളത്തിലുടനീളം പ്രവർത്തിച്ചു വരുന്നു.

കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ സ്രോതസ്സുകളായ നദികളിൽ നിന്നും മാസംതോറും ജലം ശേഖരിച്ച് പരിശോധന നടത്തി വരുന്നുണ്ട്. സ്രോതസ്സിൽ നിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്തു വിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ മറ്റു സ്രോതസ്സുകളായ കിണറുകളിലെയും മറ്റും ജലവും പരിശോധിച്ച് വരുന്നുണ്ട്.

ജല ശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽ തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്.

പ്ലാൻറുകൾ, പമ്പിങ് സ്റ്റേഷനുകൾ വിതരണ ശൃംഖലയുടെ വിവിധ പോയിൻറുകൾ എന്നിവയിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാംപിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐഎസ് 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോ എന്നു ഉറപ്പാക്കി, പരിശോധനാഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.

അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കുന്ന തിനായി കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗം ഉദ്യോഗസ്ഥർക്കും, ഡിസ്ട്രിബ്യൂഷൻ വിഭാഗം ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള എല്ലാ ഭൂതല ഉപരിതല ജലസംഭരണികളും അടിയന്തരപ്രാധാന്യത്തോടെ വൃത്തിയാക്കി ക്ലോറിനേഷൻ നടത്തുന്നതിനും ജലസംഭരണി കളിൽ നിന്നും നോൺ വാട്ടർ ട്രീറ്റ്മെൻറ് പ്ലാന്റുകളിൽ (ഓപ്പൺ വെൽ / മറ്റു സ്രോതസ്സുകൾ) നിന്നും വിതരണം ചെയ്യുന്ന ജലത്തിൽ സൂപ്പർ ക്ലോറിനേഷൻ ചെയ്യുന്നതിനുമുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ